ടി.കെ ഉബൈദ്

ഖുർആൻ ബോധനം

**1046**

# സൂറ – 33 / അൽ അഹ്സാബ്

**സൂക്തം: 60 – 63**

കപടന്മാരുടെ ചെയ്തികൾ ഗുരുതരമായ രാജ്യദ്രോഹ കുറ്റങ്ങളായിരുന്നു. എങ്കിലും അവർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കാൻ അല്ലാഹു പ്രവാചകനോട് കൽപിച്ചിരുന്നില്ല. ആ അനുകൂല സാഹചര്യം കപടന്മാർ നന്നായി മുതലെടുക്കുകയും ചെയ്തു.

لَّئِن لَّمْ يَنتَهِ ٱلْمُنَـٰفِقُونَ وَٱلَّذِينَ فِى قُلُوبِهِم مَّرَضٌ
وَٱلْمُرْجِفُونَ فِى ٱلْمَدِينَةِ لَنُغْرِيَنَّكَ بِهِمْ ثُمَّ لَا
يُجَاوِرُونَكَ فِيهَآ إِلَّا قَلِيلًا ﴿٦٠﴾

مَّلْعُونِينَ ۖ أَيْنَمَا ثُقِفُوٓا۟ أُخِذُوا۟ وَقُتِّلُوا۟ تَقْتِيلًا ﴿٦١﴾

60. ഈ കപടവിശ്വാസികളും മനസ്സിൽ രോഗമുള്ളവരും, മദീനയിൽ സംഭ്രമജനകമായ വാർത്തകൾ പ്രചരിപ്പിക്കുന്നവരും ഇനിയും വിരമിക്കുന്നില്ലെങ്കിൽ തീർച്ചയായും അവർക്കെതിരെ നാം നിന്നെ കർമോത്സുകനാക്കുന്നതാകുന്നു. പിന്നെ അധികകാലം അവർക്കവിടെ നിന്നോടൊപ്പം വസിക്കാനാവില്ല.

61. എവിടെ കണ്ടെത്തിയാലും അവർ പിടികൂടപ്പെടുകയും നിർദാക്ഷിണ്യം വധിക്കപ്പെടുകയും ചെയ്യുന്ന അഭിശപ്തരായിത്തീരും.

**60,61**

لَئِن لَّمْ يَنتَهِ الْمُنَافِقُونَ= ഈ കപടവിശ്വാസികൾ (ഇനിയും) വിരമിക്കുന്നില്ലെങ്കിൽ

وَالَّذِينَ فِي قُلُوبِهِم مَّرَضٌ= മനസ്സിൽ രോഗമുള്ളവരും

وَالْمُرْجِفُونَ فِي الْمَدِينَةِ= മദീനയിൽ പ്രകമ്പനമുണ്ടാക്കുന്നവരും (സംഭ്രമജനകമായ വാർത്തകൾ പ്രചരിപ്പിക്കുന്നവരും)

لَنُغْرِيَنَّكَ بِهِمْ = തീർച്ചയായും അവർക്കെതിരെ നാം നിന്നെ ഉത്സാഹിപ്പിക്കും (കർമോത്സുകനാക്കുന്നതാകുന്നു)

ثُمَّ لَا يُجَاوِرُونَكَ = പിന്നെ അവർ നിന്റെ അയൽക്കാരാവുകയില്ല (നിന്നോടൊപ്പം വസിക്കാനാവില്ല)

فِيهَا= അവിടെ (മദീനയിൽ) إِلَّا قَلِيلًا = കുറച്ചല്ലാതെ (അധികകാലം)

مَّلْعُونِينَ = ശപിക്കപ്പെട്ട അവസ്ഥയിൽ (അഭിശപ്തരായിത്തീരും)

أَيْنَمَا ثُقِفُوا= അവർ എവിടെ കണ്ടെത്തപ്പെട്ടാലും أُخِذُوا = പിടിക്കപ്പെട്ടു (പിടികൂടപ്പെടുകയും)

وَقُتِّلُوا تَقْتِيلًا = നിർദാക്ഷിണ്യം വധിക്കപ്പെട്ടു(പ്പെടുകയും ചെയ്യുന്ന)

അല്ലാഹുവിനെയും റസൂലിനെയും റസൂലിന്റെ കുടുംബത്തെയും മുസ്‌ലിം സമുദായത്തെ മുഴുക്കെയും ദ്രോഹിച്ചുകൊണ്ടിരുന്നവർക്ക് നൽകുന്ന അന്ത്യശാസനമാണിത്. ഇതുവരെ الَّذِينَ يُؤْذُونَ اللَّهَ وَرَسُولَهُ(അല്ലാഹുവിനെയും അവന്റെ ദൂതനെയും ശല്യം ചെയ്യുന്നവർ) എന്നു പറഞ്ഞത്, കപടവിശ്വാസികളെയായിരുന്നുവെന്ന് ഈ സൂക്തം വ്യക്തമാക്കിയിരിക്കുന്നു. وَالَّذِينَ فِي قُلُوبِهِم مَّرَضٌ (മനസ്സിൽ രോഗമുള്ളവർ) എന്നും وَالْمُرْجِفُونَ فِي الْمَدِينَةِ (മദീനയിൽ സംഭ്രമജനകമായ വാർത്തകൾ പരത്തുന്നവർ) എന്നും പറഞ്ഞതും കപടന്മാരെക്കുറിച്ചു തന്നെയാണ്. മുനാഫിഖുകളിൽ മൂന്ന് സ്വഭാവക്കാരുണ്ടായിരുന്നു: ഒന്ന്, അല്ലാഹുവിലും റസൂലിലും ഒട്ടും വിശ്വസിക്കുന്നില്ലെങ്കിലും വിശ്വസിക്കുന്നവരായി നടിച്ച് മുസ്‌ലിം സമുദായത്തിൽ കഴിയുന്നവർ. എന്തു വില കൊടുത്തും മുഹമ്മദ് നബിയെയും ഇസ്‌ലാമിനെയും മദീനയിൽനിന്ന് പുറന്തള്ളാൻ അവർ ഗൂഢനീക്കങ്ങൾ നടത്തിക്കൊണ്ടിരുന്നു. രണ്ട്, വിശ്വാസത്തിനും അവിശ്വാസത്തിനുമിടയിൽ ചാഞ്ചാടിക്കൊണ്ടിരിക്കുന്നവർ. സത്യവിശ്വാസികളാണെന്നാണ് അവർ സ്വയം അവകാശപ്പെടുക. എന്നാൽ സത്യദീൻ ആവശ്യപ്പെടുന്ന ജീവിതസംസ്കാരം സ്വീകരിക്കാനോ വിധിവിലക്കുകൾ അനുസരിക്കാനോ തയാറായിരുന്നില്ല. ഭൗതികാസക്തികളും ആർത്തിയും സ്വാർഥ താൽപര്യങ്ങളും ഭയാശങ്കകളുമാണവരെ നയിച്ചിരുന്നത്. തങ്ങൾക്ക് ഭൗതികമായ നേട്ടമുണ്ടാകുമെന്നു കണ്ടാൽ ദീനിനും സമുദായത്തിനുമെതിരെ എന്തു നെറികേടും ചെയ്യാൻ അവർ ധൃഷ്ടരാകും. ഇവരാണ് മനസ്സിൽ രോഗമുള്ളവർ. മൂന്ന്, ആളുകളിൽ അനൈക്യവും ഭിന്നിപ്പും ഭയാശങ്കകളും പ്രചരിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നവർ. മുസ്‌ലിം സമുദായത്തിന്റെ ആത്മവീര്യം കെടുത്തുക, ധാർമിക ശക്തി നശിപ്പിക്കുക, ഭൗതിക ശേഷികൾ ക്ഷയിപ്പിക്കുക, അവരെ അരക്ഷിതത്വ ബോധത്തിന്റെ ഇരകളാക്കുക അങ്ങനെ പുറമെനിന്ന് ഏതെങ്കിലും ശക്തികൾ വന്ന് ഇസ്‌ലാമിനെയും മുസ്‌ലിംകളെയും മദീനയിൽനിന്ന് പുറന്തള്ളാൻ വഴിയൊരുക്കുക. ഇതായിരുന്നു അവരുടെ ലക്ഷ്യം. ഊഹാപോഹങ്ങളും അപവാദങ്ങളും പ്രചരിപ്പിക്കുകയാണ് അവരതിനു സ്വീകരിച്ച എളുപ്പ മാർഗം. പ്രവാചകനെയും കുടുംബത്തെയും മറ്റു വിശ്വാസികളെയും കുറിച്ച് അപവാദങ്ങൾ കെട്ടിച്ചമച്ച് പ്രചരിപ്പിക്കുന്നതിലൂടെ മുസ്‌ലിംകളുടെ ധാർമിക വീര്യം കെടുത്തിക്കളയാമെന്ന് അവർ കരുതി. സൈദിന്റെ വിവാഹമോചനവും സൈനബിനെ പ്രവാചകൻ വിവാഹം ചെയ്തതും സംബന്ധിച്ച് ഉയർന്ന വിവാദങ്ങളും ആഇശ(റ)ക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണവുമെല്ലാം ഈ പദ്ധതിയുടെ ഭാഗമായിരുന്നു. ഏതെങ്കിലും ഗോത്രം പ്രവാചകനെതിരെ നീങ്ങാൻ സാധ്യതയുണ്ടെന്നു കേട്ടാൽ മതി, ഇക്കൂട്ടർ പ്രചരിപ്പിക്കുകയായി: ദാ വരുന്നു, ഇന്ന ഗോത്രം ഒരു മഹാ സൈന്യവുമായിട്ട്. അവരെ പ്രതിരോധിക്കാൻ മദീനക്ക് ഒരിക്കലും കഴിയില്ല. നബിയും കൂട്ടരും പ്രവചിക്കുന്ന വിജയമൊക്കെ വെറും വ്യാമോഹമാണ്. ശത്രുക്കൾ കടന്നുകയറിയാൽ പുരുഷന്മാർ കൊല്ലപ്പെടും, സ്ത്രീകളും കുട്ടികളും അടിമകളാകും. അതിൽനിന്ന് രക്ഷപ്പെടാൻ മുസ്‌ലിംകൾ മദീന വിട്ട് ഓടിപ്പോവുകയല്ലാതെ ഗത്യന്തരമുണ്ടാവില്ല. ഖുറൈശികളുടെ നേതൃത്വത്തിൽ അറേബ്യൻ മുശ്‌രിക്കുകളും യഹൂദരും സഖ്യസൈന്യം രൂപീകരിച്ച് മദീനക്കു നേരെ വരുന്നു എന്നറിഞ്ഞപ്പോഴും ഇക്കൂട്ടർ ഈവിധം സ്ഫോടനാത്മകമായ വാർത്തകൾ പ്രചരിപ്പിച്ചതായി ഈ സൂറയിലെ 12-14 സൂക്തങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്.

കപടന്മാരുടെ ഇത്തരം ചെയ്തികൾ ഗുരുതരമായ രാജ്യദ്രോഹ കുറ്റങ്ങളായിരുന്നു. എങ്കിലും അവർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കാൻ അല്ലാഹു പ്രവാചകനോട് കൽപിച്ചിരുന്നില്ല. ആ അനുകൂല സാഹചര്യം കപടന്മാർ നന്നായി മുതലെടുക്കുകയും ചെയ്തു. ഇപ്പോൾ അല്ലാഹു അവരെ അറിയിക്കുകയാണ്: കപടവിശ്വാസികൾ അല്ലാഹുവിനും അവന്റെ ദൂതനുമെതിരെ നടത്തിക്കൊണ്ടിരിക്കുന്ന കുത്സിതമായ ദ്രോഹങ്ങളോട് ഇതുവരെ അല്ലാഹുവിന്റെ കൽപനപ്രകാരം സൗമനസ്യത്തോടെ, വിട്ടുവീഴ്ചയോടെ വർത്തിക്കുകയായിരുന്നു പ്രവാചകൻ. പക്ഷേ നിങ്ങൾ അദ്ദേഹത്തിന്റെ വിട്ടുവീഴ്ചയെയും സൗമനസ്യത്തെയും ഒട്ടും മാനിച്ചില്ല. അതിനെ തെറ്റു തിരുത്താനും സ്വയം നന്നാവാനുമുള്ള അവസരമായി ഉപയോഗപ്പെടുത്തുന്നതിനു പകരം ദ്രോഹ നടപടികൾ ത്വരിതപ്പെടുത്താനുള്ള അവസരമായിട്ടാണ് നിങ്ങൾ ഉപയോഗിച്ചത്. ഇനിയും വിരമിക്കാൻ തയാറില്ലെങ്കിൽ നാമിതാ നിങ്ങൾക്കെതിരെ നമ്മുടെ ദൂതനെ കർമോത്സുകനാക്കാൻ പോവുകയാണ്. لَنُغْرِيَنَّكَ بِهِمْ എന്നാണ് മൂലവാക്യം. اغراء-ൽനിന്നുള്ള വർത്തമാന ക്രിയയാണ് نُغْرِى . اغْراء പ്രേരണയും പ്രലോഭനവും ഇളക്കിവിടലുമാണ് . അവർക്കെതിരെ നടപടിയെടുക്കാൻ നിന്നെ ഉത്സുകനാക്കും. അഥവാ നിന്നോട് കൽപിക്കും എന്നാണ് لَنُغْرِيَنَّكَ بِهِمْ എന്ന വാക്കിന്റെ ആശയം. പ്രവാചകനെ അപമാനിക്കാനും മുസ്‌ലിം സമുദായത്തെ ശിഥിലീകരിക്കാനും ശത്രുക്കൾക്ക് ഒറ്റുകൊടുക്കാനും നടത്തുന്ന പ്രവർത്തനം അല്ലാഹുവിനും ദൈവദൂതനുമെതിരെ നടത്തുന്ന പോരാട്ടമാണ്. അതു ചെയ്യുന്നവർക്കുള്ള ശിക്ഷ 5:33-ൽ പറയുന്നുണ്ട്.

إِنَّمَا جَزَاءُ الَّذِينَ يُحَارِبُونَ اللَّهَ وَرَسُولَهُ وَيَسْعَوْنَ فِي الْأَرْضِ فَسَادًا أَن يُقَتَّلُوا أَوْ يُصَلَّبُوا أَوْ تُقَطَّعَ أَيْدِيهِمْ وَأَرْجُلُهُم مِّنْ خِلَافٍ أَوْ يُنفَوْا مِنَ الْأَرْضِ ذَٰلِكَ لَهُمْ خِزْيٌ فِي الدُّنْيَا وَلَهُمْ فِي الْآخِرَةِ عَذَابٌ عَظِيمٌ ﴿٣٣﴾

(അല്ലാഹുവിനോടും അവന്റെ ദൂതനോടും പോരടിക്കുകയും നാട്ടിൽ വിധ്വംസക പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യുന്നവർക്കുള്ള പ്രതിഫലം വധിക്കപ്പെടുകയോ ക്രൂശിക്കപ്പെടുകയോ കൈകാലുകൾ വിപരീതമായി ഛേദിക്കപ്പെടുകയോ നാടുകടത്തപ്പെടുകയോ തന്നെയാകുന്നു. ഈ ലോകത്ത് അവർക്കുള്ള നിന്ദ്യതയാകുന്നു അത്. അത്തരമാളുകൾക്ക് പരലോകത്തും ഭയാനകമായ ശിക്ഷയാണുള്ളത്). പ്രവാചകൻ ഈ മുനാഫിഖുകളുടെ കുറ്റകൃത്യത്തിന്റെ ഗൗരവമനുസരിച്ച് ഇപ്പറഞ്ഞ ശിക്ഷാനടപടികളിൽ ഏതെങ്കിലുമൊന്ന് കൈക്കൊള്ളാൻ ഉത്സുകനായാൽ പിന്നെ ഇക്കൂട്ടർക്ക് മദീനയിൽ ഏറെനാൾ അദ്ദേഹത്തോടൊപ്പം

വസിക്കാൻ കഴിയില്ല. എവിടെ കണ്ടെത്തിയാലും പിടികൂടപ്പെടുകയും നിർദാക്ഷിണ്യം വധിക്കപ്പെടുകയും ചെയ്യുന്ന അഭിശപ്താവസ്ഥയാണ് അവരെ കാത്തിരിക്കുന്നത്. ഈ അന്ത്യശാസനം വന്നതോടെ പ്രവാചകന്നും ഇസ്‌ലാമിക സമൂഹത്തിനും എതിരായി നടത്തിക്കൊണ്ടിരുന്ന വിദ്രോഹ നടപടികളിൽനിന്ന് മുനാഫിഖുകൾ പൊതുവിൽ പിന്മാറിയതായി കരുതപ്പെടുന്നു. കാരണം, നബി (സ) അവരിൽ ആരെയെങ്കിലും പിടികൂടുകയോ വധിക്കുകയോ നാടുകടത്തുകയോ ചെയ്തതായി ചരിത്രം പറയുന്നില്ല. ദീനിനും സമൂഹത്തിനും അപകടമുണ്ടാക്കുന്ന വിധ്വംസകരെ പിടികൂടി ശിക്ഷിക്കുന്നതിനു മുമ്പ് സമൂഹനേതൃത്വം അവരോട് തിരുത്താൻ ആവശ്യപ്പെടുകയും വ്യക്തമായ താക്കീതു നൽകുകയും ചെയ്യണമെന്ന അനുശാസനവും ഈ സൂക്തം ഉൾക്കൊള്ളുന്നുണ്ട്. വിധ്വംസകർ-വ്യക്തികളായാലും സംഘങ്ങളായാലും- ഉന്മൂലനം ചെയ്യപ്പെടുകയല്ല, വിധ്വംസനം ഉന്മൂലനം ചെയ്യപ്പെടുകയാണ് യഥാർഥ ലക്ഷ്യം. അപകടകാരികൾ തെറ്റുതിരുത്തി സമൂഹത്തിന് പ്രയോജനം ചെയ്യുന്നവരായി മാറുമ്പോൾ അത് സാധ്യമാകുന്നു. നാശമില്ലാതാവാൻ നാശകാരികളെ ഇല്ലാതാക്കുകയല്ലാതെ മറ്റു മാർഗമില്ലെന്ന് ബോധ്യപ്പെടുമ്പോൾ മാത്രം സ്വീകരിക്കേണ്ട അന്തിമ നടപടിയാണ് നാശകാരികളുടെ ഉന്മൂലനം. ●

سُنَّةَ ٱللَّهِ فِي ٱلَّذِينَ خَلَوۡاْ مِن قَبۡلُۖ وَلَن تَجِدَ لِسُنَّةِ ٱللَّهِ تَبۡدِيلٗا ﴿٦٢﴾

62. ഇത്തരമാളുകൾക്ക് ഈ ദുർഗതി പൂർവ സമുദായങ്ങളിലെല്ലാം നടന്നുവന്നിട്ടുള്ള അല്ലാഹുവിന്റെ നടപടിക്രമമാകുന്നു. അല്ലാഹുവിന്റെ നടപടിക്രമത്തിന് ഒരു മാറ്റവും നീ കാണുന്നതല്ല.

**62**

سُنَّةَ اللَّهِ= അല്ലാഹുവിന്റെ നടപടിക്രമമായിട്ട് (ക്രമമാകുന്നു ഇത്തരമാളുകൾക്ക് ഈ ദുർഗതി)

فِي الَّذِينَ خَلَوْا مِن قَبْلُ= മുമ്പു കഴിഞ്ഞുപോയവരിൽ (പൂർവ സമുദായങ്ങളിലെല്ലാം നടന്നുവന്നിട്ടുള്ള)

وَلَن تَجِدَ= നീ ഒരിക്കലും കാണുന്നതല്ല لِسُنَّةِ اللَّهِ = അല്ലാഹുവിന്റെ നടപടിക്രമത്തിന് تَبْدِيلًا = യാതൊരു മാറ്റവും

മുൻ സൂക്തങ്ങളിൽ സൂചിപ്പിച്ച ശിക്ഷ മദീനയിലെ മുനാഫിഖുകൾക്കു മാത്രമായി വിധിച്ചിട്ടുള്ളതല്ല. അല്ലാഹുവിനെയും അവന്റെ ദൂതനെയും ദ്രോഹിക്കുന്നവരോട് അല്ലാഹു സ്വീകരിക്കുന്ന സ്ഥിരം നടപടിക്രമം-സുന്നത്ത്- ആണിത്. പൂർവ പ്രവാചകന്മാരുടെയും സമുദായങ്ങളുടെയും ചരിത്രം പരിശോധിച്ചുനോക്കുക. അതിലെല്ലാം ഇത്തരക്കാർ ഈവിധം ശിക്ഷിക്കപ്പെട്ടതായി കാണാം. ഈ ദൈവിക നടപടിയിൽ ഒരിക്കലും ഒരു മാറ്റവും ഉണ്ടായതായി കാണുകയില്ല. മക്കയിൽനിന്ന് മുഹമ്മദ് നബിയെ പുറത്താക്കാൻ പ്രവർത്തിച്ചിരുന്ന ഖുറൈശികൾക്കും ഇതേ താക്കീതു നൽകിയിട്ടുണ്ടായിരുന്നു.

وَإِن كَادُوا لَيَسْتَفِزُّونَكَ مِنَ الْأَرْضِ لِيُخْرِجُوكَ مِنْهَا ۖ وَإِذًا لَّا يَلْبَثُونَ خِلَافَكَ إِلَّا قَلِيلًا ﴿٧٦﴾ سُنَّةَ مَن قَدْ أَرْسَلْنَا قَبْلَكَ مِن رُّسُلِنَا ۖ وَلَا تَجِدُ لِسُنَّتِنَا تَحْوِيلًا ﴿٧٧﴾

(ഈ നാട്ടിൽ നിന്റെ ചുവടിളക്കി ഇവിടെ നിന്ന് പുറന്തള്ളാൻ അവർ കിണഞ്ഞു ശ്രമിക്കുന്നുണ്ട്. എന്നാൽ അത് നടന്നാൽ പിന്നെ നിനക്കു ശേഷം അവരും അധികകാലം ഇവിടെ വസിക്കാൻ പോകുന്നില്ല. നിനക്കു മുമ്പ് നാം അയച്ചിട്ടുള്ള ദൈവദൂതന്മാരിൽ പുലർന്നുപോന്ന സ്ഥിരം നിയമക്രമമാണത്. നമ്മുടെ നിയമക്രമത്തിൽ ഒരു മാറ്റവും കാണുന്നതല്ല-17:76,77). പ്രവാചകൻ മക്ക വിട്ട ശേഷം പത്തു വർഷത്തിനിടയിൽ ഈ പ്രവചനം പൂർണമായി പുലർന്നു. പ്രവാചകനെ മക്കയിൽനിന്ന് ആട്ടിയോടിക്കാൻ തുനിഞ്ഞിറങ്ങിയവരിലേറെപ്പേരും ബദ്ർ മുതലാരംഭിച്ച യുദ്ധങ്ങളിൽ കൊല്ലപ്പെട്ടു. കുറേപേർ മക്കാ വിമോചന വേളയിൽ മക്കയിൽനിന്ന് ഒളിച്ചോടി. അവശേഷിച്ചവർ പ്രവാചകനിൽ വിശ്വസിച്ച് മുസ്‌ലിംകളായി മാറുകയും ചെയ്തു. ●

يَسۡـَٔلُكَ ٱلنَّاسُ عَنِ ٱلسَّاعَةِۖ قُلۡ إِنَّمَا عِلۡمُهَا عِندَ ٱللَّهِۚ وَمَا يُدۡرِيكَ لَعَلَّ ٱلسَّاعَةَ تَكُونُ قَرِيبًا ﴿٦٣﴾

63. അന്ത്യനാൾ എപ്പോഴാണെന്ന് ആളുകൾ നിന്നോട് ചോദിക്കുന്നുണ്ടല്ലോ. അവരോട് പറയുക: അതിന്റെ വിവരം അല്ലാഹുവിങ്കൽ മാത്രമാകുന്നു. നിനക്കെന്തറിയാം, ഒരുവേള അത് അടുത്തുതന്നെ സംഭവിച്ചാലോ!

**63**

يَسْأَلُكَ النَّاسُ= ആളുകള്‍ നിന്നോട് ചോദിക്കുന്നു(ണ്ടല്ലോ)

عَنِ السَّاعَةِ= ആ സമയത്തെക്കുറിച്ച് (അന്ത്യനാള്‍ എപ്പോഴാണെന്ന്) قُلْ= നീ (അവരോട്) പറയുക

إِنَّمَا عِلْمُهَا عِندَ اللَّهِ= അതിന്റെ വിവരം അല്ലാഹുവിങ്കല്‍ മാത്രമാകുന്നു

وَمَا يُدْرِيكَ= നിന്നെ അറിയിക്കുന്നതെന്ത് (നിനക്കെന്തറിയാം)

لَعَلَّ السَّاعَةَ تَكُونُ= (ഒരുവേള അത്) ആ സമയം ഉണ്ടായേക്കാം (സംഭവിച്ചേക്കാം) قَرِيبًا= അടുത്തായി(തന്നെ)

ആളുകള്‍ അല്ലാഹുവിനെ നിഷേധിക്കുകയും അവന്റെ സന്ദേശം പ്രബോധനം ചെയ്യുന്ന ദൈവദൂതനെയും അദ്ദേഹത്തില്‍ വിശ്വസിച്ച നീതിമാന്മാരെയും ദ്രോഹിക്കുകയും ചെയ്യുന്നതിന്റെ മുഖ്യകാരണം പരലോക വിശ്വാസത്തിന്റെ അഭാവമാണ്. മുശ്‌രിക്കുകള്‍ ഉയിര്‍ത്തെഴുന്നേല്‍പിനെ അസന്ദിഗ്ധമായി നിഷേധിക്കുന്നവരായിരുന്നു. മരണാനന്തര ജീവിതം എന്ന ആശയത്തെ പുഛത്തോടും പരിഹാസത്തോടും കൂടിയാണവര്‍ സമീപിച്ചത്. പ്രവാചകനോടവര്‍ പലപ്പോഴും ചോദിക്കാറുണ്ടായിരുന്നു: നിങ്ങള്‍ കുറേ കാലമായല്ലോ ലോകാവസാനം, ഉയിര്‍ത്തെഴുന്നേല്‍പ്, അന്ത്യവിചാരണ എന്നൊക്കെ പറഞ്ഞ് ഞങ്ങളെ വിരട്ടാന്‍ തുടങ്ങിയിട്ട്. എന്നിട്ടെവിടെ ഈ ഖിയാമം?! അതിന്റെ ഒരു ലക്ഷണവും ഞങ്ങള്‍ കാണുന്നില്ലല്ലോ. ഞങ്ങളാണെങ്കില്‍ പണ്ടുമുതലേ അതിനെ നിസ്സങ്കോചം നിഷധിച്ചുകൊണ്ടിരിക്കുകയാണ്. അത് ഇപ്പോള്‍ വരുന്നില്ലെങ്കില്‍ പോട്ടെ; ഇനി എപ്പോഴാണത് വന്നെത്തുക എന്നെങ്കിലും ഒന്നു പറഞ്ഞുതരൂ. ഞങ്ങള്‍ക്കതിനെ സ്വീകരിക്കാന്‍ തയാറാകാമല്ലോ. മുനാഫിഖുകളും ഇതേ ചോദ്യം ഇടക്കിടെ ഉന്നയിക്കാറുണ്ടായിരുന്നു. മരണാനന്തര ജീവിതത്തിന്റെ സാധ്യതയെ അവര്‍ നിഷേധിച്ചിരുന്നില്ല. അതുണ്ടാവാം. പക്ഷേ എന്നാണത് സംഭവിക്കുക എന്ന് ആര്‍ക്കും അറിയില്ല എന്നും അവര്‍ക്കറിയാം. ഖുര്‍ആനും പ്രവാചകനും അക്കാര്യം ആവര്‍ത്തിച്ചു വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നിട്ടും പ്രവാചകനോട് അവരീ ചോദ്യം ചോദിച്ചുകൊണ്ടിരുന്നത് അദ്ദേഹത്തെ ഉത്തരം മുട്ടിച്ച് രസിക്കുന്നതിനു വേണ്ടിയാണ്. അവരുടെ ശല്യപ്പെടുത്തലുകളുടെ കൂട്ടത്തിലൊന്നായിരുന്നു ഇതും. ഇതേ ചോദ്യം ഉന്നയിച്ചിരുന്ന മറ്റൊരു വിഭാഗം ഇസ്രാഈല്യരായിരുന്നു. അന്ത്യനാളും രക്ഷാശിക്ഷകളും യാഥാര്‍ഥ്യമാണെന്നും അത് സംഭവിക്കുന്ന നാളും നേരവും അല്ലാഹു ആര്‍ക്കും വെളിപ്പെടുത്തിക്കൊടുത്തിട്ടില്ലെന്നും പൂര്‍വ പ്രവാചകന്മാരിലൂടെയും വേദപ്രമാണങ്ങളിലൂടെയും അവര്‍ മനസ്സിലാക്കിയിരുന്നു. അവരതൊന്നും വിശ്വസിച്ചിരുന്നില്ല. ഒരു ഇതിഹാസമായിട്ടേ കണ്ടിരുന്നുള്ളൂ. പരലോക ജീവിതം യാഥാര്‍ഥ്യമാണെങ്കില്‍തന്നെ ദൈവത്തിന്റെ മക്കളും പ്രിയജനവുമായ തങ്ങള്‍ അവിടെയും മാന്യമായി രക്ഷിക്കപ്പെടുമെന്നും അവര്‍ കരുതി. മുഹമ്മദ് നബിയോട് ഇതേപ്പറ്റി ചോദിച്ചത് അദ്ദേഹത്തിന് ഇക്കാര്യത്തില്‍ എത്രത്തോളം ജ്ഞാനമുണ്ടെന്നും ആ ജ്ഞാനം ശരിയാണോ എന്നും പരീക്ഷിക്കുന്നതിനു വേണ്ടിയായിരുന്നു. ഇവിടെ പരാമര്‍ശിക്കുന്ന النَّاس (ജനം) ഈ മൂന്നു വിഭാഗത്തെയും ഉള്‍ക്കൊള്ളുന്നു.

സൂക്തസാരമിതാണ്: ഖിയാമത്ത് അസന്ദിഗ്ധമായ യാഥാര്‍ഥ്യമാകുന്നു. അത് സംഭവിക്കുന്ന സമയം കൃത്യമായി പറയാന്‍ പ്രവാചകന് കഴിയാത്തതിന്റെ പേരില്‍ അതിനെ നിഷേധിക്കുകയും പുഛിക്കുകയും ചെയ്യുന്നത് മഹാമൗഢ്യമാണ്. ഖിയാമം എപ്പോഴാണ് നിലവില്‍വരിക എന്ന് അല്ലാഹുവിനു മാത്രമേ അറിയൂ. അത് വന്നെത്തുന്ന സമയം പറയാന്‍ പ്രവാചകനാവില്ല. ഉറപ്പായും അത് സംഭവിക്കുമെന്ന് നിങ്ങള്‍ക്ക് മുന്നറിയിപ്പ് നല്‍കാനേ അദ്ദേഹത്തിന് കഴിയൂ. ഒരു കാര്യം എപ്പോഴാണ് സംഭവിക്കുക എന്നറിഞ്ഞുകൂടാ എന്നത് അങ്ങനെയൊന്ന് ഒരിക്കലും സംഭവിക്കുകയില്ല എന്നതിന് തെളിവായി ഉന്നയിക്കുന്നത് യുക്തിവിരുദ്ധമാകുന്നു. ഈ ലോകത്ത് എത്രയോ വസ്തുക്കള്‍ നശിക്കുകയും പുനരുല്‍പാദിതമാവുകയും ചെയ്യുന്നത് നിത്യജീവിതത്തില്‍ മനുഷ്യന്‍ കണ്ടുകൊണ്ടിരിക്കുകയാണല്ലോ. അവരവരിലും അവരുടെ ചുറ്റുപാടിലും, ബുദ്ധിയിലും പ്രകൃതിയിലുമെല്ലാം ഖിയാമത്തിന്റെ സാക്ഷ്യങ്ങള്‍ തെളിഞ്ഞു കാണാം. മരണം ഉറപ്പുള്ള കാര്യമാണ്. താന്‍ എപ്പോഴാണ് മരിക്കുക എന്ന് ആര്‍ക്കും അറിഞ്ഞുകൂടാ. ആ അറിയായ്കയെ താനൊരിക്കലും മരിക്കില്ല എന്നു വാദിക്കാനുള്ള ന്യായമായി ആരെങ്കിലും ഉന്നയിക്കുമോ? ഭൗതിക ലോകത്തിന്റെ മരണമാണ് അന്ത്യദിനം. അല്ലാഹു നിശ്ചയിച്ച സമയത്ത് ഓരോ ജീവിയും മരിക്കുന്നതുപോലെ അവന്‍ നിശ്ചയിച്ച സമയത്ത് ഈ ഭൗതിക ലോകവും മരിക്കും. ഭൗതിക ലോകത്ത് നശിച്ചുപോകുന്ന വസ്തുക്കള്‍ പിന്നീട് പുനരുല്‍പാദിതമാകുന്നതുപോലെ ലോകവും പുനരുളവാകും. മനുഷ്യന്‍ കണക്കു കൂട്ടുകയോ നിശ്ചയിക്കുകയോ ചെയ്യുന്ന സമയത്തല്ല, അല്ലാഹു നിശ്ചയിക്കുന്ന സമയത്താണ് അതെല്ലാം സംഭവിക്കുക.

وَمَا يُدْرِيكَ........ قَرِيبًا എന്ന വാക്യം ഖിയാമത്തിന്റെ ഗാംഭീര്യവും ഭയാനകതയും സവിശേഷം സ്ഫുരിപ്പിക്കുന്നു. പ്രവാചകനെ സംബോധന ചെയ്തുകൊണ്ട് നിഷേധികളോട് പറയുകയാണ്: ഖിയാമത്തിന്റെ സമയം പറയാന്‍ കഴിയാത്തതിന്റെ പേരില്‍ പ്രവാചകനെ പുഛിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന നിങ്ങള്‍ക്ക്, ഒരുപക്ഷേ അടുത്തുതന്നെ അത് വന്നുഭവിച്ചാലോ എന്നതിനെക്കുറിച്ച് വല്ല ബോധവുമുണ്ടോ? ലോകാവസാനം അടുത്തുകൊണ്ടിരിക്കുന്നു എന്ന സൂചനയും ഈ വാക്യത്തിലുണ്ട്. അന്ത്യപ്രവാചകനും ആഗതനായി കഴിഞ്ഞിരിക്കെ, ഇനി അന്ത്യവിചാരണക്ക് ലോകാവസാനം മാത്രമേ ബാക്കിയുള്ളൂ.

സൂറ *അല്‍അഅ്‌റാഫ്* 187-ാം സൂക്തം അവിശ്വാസികളുടെ ഇതേ ചോദ്യം ഉദ്ധരിച്ച് മറുപടി പറഞ്ഞിട്ടുണ്ട്. കൂടുതല്‍ വിശദീകരണം *ഖുര്‍ആന്‍ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ കാണുക.

●